പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5669

28.03.2018 ൽ
മറുപടിക്ക്

## ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും ചെലവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഭരണപരിഷ്ക്കാര കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവർ അതിഥി സല്ക്കാരത്തിനും യാത്രാബത്തയ്ക്കുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചു; | എ) ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനും അംഗങ്ങളും അതിഥി സൽക്കാരത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി.എസ്. അച്യുതാനന്ദന് യാത്രാ ബത്ത ഇനത്തിൽ ആകെ 2,51,267/- രൂപ (രണ്ട് ലക്ഷത്തി അൻപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) നൽകിയിട്ടുണ്ട്. മെമ്പർ ശ്രീമതി നീലാ ഗംഗാധരന് 1,63,409/- രൂപ (ഒരു ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി ഒൻപത് രൂപ മാത്രം)യും, മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസിന് 43940/- രൂപ (നാല്പത്തിമൂവായിരത്തി തൊള്ളായിരത്തിനാല്പത് രൂപ മാത്രം) യും യാത്രാ ബത്തയായി നൽകിയിട്ടുണ്ട്. |
| ബി) ചെയർമാൻ, അംഗങ്ങൾ എന്നിവർക്ക് മൊബൈൽ ഫോൺ, ഔദ്യോഗിക വസതിയിലെയും ഓഫീസിലെയും ഫോൺ എന്നിവയ്ക്ക് ഇതുവരെ എന്ത് തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ? | ബി) ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ മൊബൈൽ ഫോൺ ഉപയോഗിച്ചതിന് 7733/- രൂപ (ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. കൂടാതെ ബ്രോഡ്ബാന്റ് കണക്ഷന് 12522/- രൂപ (പന്ത്രണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം)യും ലാന്റ് ഫോണുകൾ ഉപയോഗിച്ചതിന് 25,840/- രൂപ (ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ മാത്രം)യും ചെയർമാൻ ചെലവഴിച്ചിട്ടുണ്ട്. കമ്മീഷൻ അംഗങ്ങൾ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ